6. കൂടുതൽ ശാസ്ത്രീയമായി വന്യജീവി പരിപാലനം നടപ്പിലാക്കുന്നതിന് വിവിധ ആവാസ വ്യവസ്ഥകളെയും വന്യജീവികളെയും കുറിച്ച് ഗവേഷണപഠനങ്ങൾ നടത്തുന്നുണ്ട്.

7. വന്യജീവി സംരക്ഷണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ബോധവൽക്കരണ പരിപാടികളും പ്രകൃതി പഠന ക്യാമ്പുകളും പൊതുജനങ്ങൾക്കായി നടത്തുന്നുണ്ട്.

8. പ്രശ്ന പ്രദേശങ്ങളിലെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പിൻബലമേകാൻ 8 ഫ്ളയിംഗ് സ്കാഡ് ഡിവിഷനുകളും, 22 ഫ്ളയിംഗ് സ്കാഡ് റെയിഞ്ചുകളും ആയുധ വാഹന വയർലസ് സെറ്റോടുകൂടി പ്രവർത്തിക്കുന്നുണ്ട്.

9. അതിർത്തി പ്രദേശങ്ങളിൽ കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും അങ്ങനെ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ വൈൽഡ് ലൈഫ് വാർഡൻമാർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

കാലപ്പഴക്കം ചെന്ന വാഹനങ്ങൾ നിരോധിക്കാൻ നിയമം

52 (3584) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലപ്പഴക്കം ചെന്ന വാഹനങ്ങൾ നിരോധിക്കാൻ നിലവിൽ നിയമമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ ;

(സി) പരിസ്ഥിതി മലിനീകരണം ഒഴിവാക്കാനും യാത്ര സുരക്ഷിതമാക്കാനും വേണ്ടി 20-ലേറെ വർഷം പഴക്കമുള്ള വാഹനമെങ്കിലും നിരോധിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേന്ദ്ര സർക്കാരാണ് ഈ കാര്യത്തിൽ മോട്ടോർ വാഹന നിയമം അനുസരിച്ച് തീരുമാനം എടുക്കേണ്ടത്.

ഹഡ്കോയിൽ നിന്നും ജില്ലാ സഹകരണ ബാങ്കിൽ നിന്നും കെ. എസ്. ആർ. ടി. സി. ക്ക് ലഭ്യമായ തുക

53 (3585) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹഡ്കോയിൽ നിന്നും ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലഭ്യമായ പണം ഉപയോഗിച്ച് കെ. എസ്. ആർ. ടി. സി. ഇതുവരെ എത്ര ബസ് ചേസിസ് വാങ്ങിയിട്ടുണ്ട് ; ഇനിയും വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇനിയും എത്രയെണ്ണം വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ട് ;

(സി) ബസ് വാങ്ങുന്നതിനു വേണ്ടി ഹഡ്കോയിൽ നിന്നും, ജില്ലാ സഹകരണ ബാങ്കിൽ നിന്നും എന്തു തുക ലഭ്യമാക്കാനാണ് സർക്കാർ തീരുമാനിക്കുന്നത് ;

(ഡി) എത്രകാലം കൊണ്ട് മുതലും പലിശയും തിരിച്ചു നൽകണം ; പലിശ എത്ര ശതമാനമാണ് ;

(ഇ) കൂടുതൽ കടം വാങ്ങുമ്പോൾ കെ. എസ്. ആർ. ടി. സി. യുടെ നിലനിൽപ്പിനെ ബാധിക്കുമോ ; കെ. എസ്. ആർ. ടി. സി. ഇതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2.87 കോടി രൂപ വായ്പ എടുത്ത് 30 പുതിയ ബസ്സുകൾ ഇറക്കിയിട്ടുണ്ട്.

(ബി&സി) ഹഡ്കോയിൽ നിന്നും ലഭിക്കുന്ന 100 കോടി രൂപ വിനിയോഗിച്ച് 1200 ബസ്സുകളും സഹകരണ ബാങ്കുകൾ മുഖേന ലഭ്യമാകുന്ന തുക വിനിയോഗിച്ച് 300 ബസ്സുകളും അടുത്ത സാമ്പത്തിക വർഷം നിരത്തിലിറക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) സഹകരണ ബാങ്കുകൾക്ക് 13% പലിശ നിരക്കും ഹഡ്കോയ് 13.25 ശതമാനം പലിശ നിരക്കുമാണ് ബാധകമായിട്ടുള്ളത്. സഹകരണ ബാങ്കുകളുടെ വായ്പ പലിശയടക്കം 35 മാസം കൊണ്ടും ഹഡ്കോയുടേത് 36 മാസംകൊണ്ടും അടച്ചുതീർക്കണം.

(ഇ) ഇല്ല. നേരെ മറിച്ച് കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിച്ചാലെ കെ.എസ്.ആർ.ടി.സി.ക്ക് നിലനിൽക്കാനാകൂ. കോർപ്പറേഷന്റെ ഇതുവരെയുള്ള സഞ്ചിത നഷ്ടം 450 കോടി രൂപയോളമാണ്. 4000-ത്തോളം വരുന്ന വാഹന വ്യൂഹത്തിൽ മൂന്നിലൊന്ന് 7 കൊല്ലത്തിനകം പഴക്കമുള്ളതാണ്. അതിനാൽ ഒരു വശത്ത് ഇന്ധനത്തിനും അറ്റകുറ്റപണികൾക്കുമുള്ള ചെലവ് വർദ്ധിക്കുന്നതോടൊപ്പം മറുവശത്ത് ഡൗൺ ടൈം കൂടുതൽ ആയതിനാൽ വരുമാനത്തിൽ കുറവും സംഭവിക്കുന്നു. ആകയാൽ പുതിയ ബസ്സുകൾ നിരത്തിലിറക്കി ലാഭകരമായ റൂട്ടുകളിൽ കൂടി ഓടിക്കുമ്പോൾ ചെലവ് കുറയുകയും വരുമാനം വർദ്ധിക്കുകയും ചെയ്യും. അങ്ങനെ നഷ്ടത്തിൽ നിന്നും കരകയറാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly